## നാമനിർദ്ദേശപത്രികകൾ സമർപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ.

01. നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മപരിശോധനാവേളയിലെ നടപടികൾ സുഗമവും സുതാര്യവുമാക്കുന്നതിനായി ഓരോ സ്ഥാനത്തേയ്ക്കുള്ള നാമനിർദ്ദേശപത്രികകൾക്ക് അതാത് സ്ഥാനപ്പേരിന്റെ തലക്കെട്ടോടെയുള്ള ഫോമുകൾ തയ്യാറാക്കി നൽകിയിട്ടുണ്ട്. അവയിൽ അവ്യക്തതയും ആശയക്കുഴപ്പവും സൃഷ്ടിക്കുന്ന അനാവശ്യമയ വെട്ടിത്തിരുത്തലുകൾ ഒഴിവാക്കേണ്ടതാണ്.

02. നാമനിർദ്ദേശപത്രികകളിൽ സ്ഥാനാർത്ഥി (Candidate), പേര് നിർദ്ദേശിക്കുന്ന വ്യക്തി (Proposer), നിർദ്ദേശം പിൻതാങ്ങുന്ന വ്യക്തി (Seconder) എന്നിവരുടെ പേരും, ഒപ്പും, തീയതിയും പത്രികയിലെ നിർദ്ദിഷ്ടമായ എല്ലാ സ്ഥലങ്ങളിലും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

03. നാമനിർദ്ദേശപത്രികകളിലെ വസ്തുതകളുടെ ആധികാരികത സംബന്ധിച്ച് സംശയം / ആരോപണം ഉന്നയിക്കുന്ന വ്യക്തികൾ അതിന് ഉപോൽബലകമായ തെളിവുകൾ സൂക്ഷ്മപരിശോധനാവേളയിൽ തന്നെ ഹാജരാക്കാൻ ബാദ്ധ്യസ്ഥരാണ്. അല്ലാത്തപക്ഷം അത്തരം ആരോപണങ്ങൾ പരിഗണിക്കപ്പെടുന്നതല്ല.

**വരണാധികാരി**